# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 918      02.12.2015 - ൽ മറുപടിയ്ക്ക്

**മുല്ലപ്പെരിയാർ അണക്കെട്ട് നിർമ്മാണം.**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കെ. ജയചന്ദ്രൻ | ശ്രീ. പി. ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട പരിസ്ഥിതി ആഘാത പഠനം നടത്താൻ അനുകൂലമായി ദേശീയ വന്യജീവി ബോർഡ് നൽകിയ അനുമതി റദ്ദാക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വെളിപ്പെടുത്താമോ: | (എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന് മുന്നോടിയായി പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനായി ദേശീയ വന്യജീവി ബോർഡ്, മുൻപ് നൽകിയിരുന്ന ശുപാർശ പിൻവലിച്ചതായി കേന്ദ്ര പരിസ്ഥിതി - വനം - കാലാവസ്ഥാ വ്യതിയാനം മന്ത്രാലയത്തിന്റെ വന്യജീവി വിഭാഗത്തിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ട്. ദേശീയ വന്യജീവി ബോർഡിന്റെ ശുപാർശയോടെ കേന്ദ്ര സർക്കാരിന്റെ Expert Appraisal Committee - യുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്ന EIA പഠനം സംബന്ധിച്ച ടേംസ് ഓഫ് റഫറൻസിന് (TOR - ന്); മുല്ലപ്പെരിയാർ വിഷയത്തിൽ ബഹു. സുപ്രീംകോടതിയുടെ 07.05.2014-ലെ വിധിന്യായത്തിലെ വ്യവസ്ഥകൾ പ്രകാരം അംഗീകാരം നൽകാൻ കഴിയുകയില്ലായെന്ന് Expert Appraisal Committee തീരുമാനിച്ച സാഹചര്യത്തിൽ; ദേശീയ വന്യജീവി ബോർഡ് നൽകിയിരുന്ന ശുപാർശയ്ക്ക് പ്രസക്തിയില്ലായെന്നുള്ള നിഗമനത്തിലാണ് ദേശീയ വന്യജീവി ബോർഡ് മുൻ ശുപാർശ പിൻവലിച്ചിട്ടുള്ളതെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്. |

(ബി) പ്രസ്തുത നടപടി പുതിയ അണക്കെട്ടിനായുള്ള ശ്രമങ്ങൾക്ക് വിഘാതമായിട്ടുണ്ടോ;

(സി) റദ്ദാക്കൽ നടപടിയെ തുടർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(ബി) യും (സി) യും പരിസ്ഥിതി ആഘാത പഠനം പൂർത്തിയാക്കാതെ പുതിയ അണക്കെട്ടിനുള്ള ശ്രമങ്ങൾ തുടരുവാൻ സാധിക്കുകയില്ല. പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിന് നിയമപരമായ തടസ്സങ്ങൾ ഇല്ലായെന്നുള്ള നിയമോപദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന സർക്കാർ പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനമെടുത്തിട്ടുള്ളത്. ഇക്കാര്യത്തിലുള്ള കേരളത്തിന്റെ ആവശ്യം നിരസിക്കുന്നതിനുള്ള തീരുമാനം ഏകപക്ഷീയമാണെന്നും, കേരളത്തിന്റെ അപേക്ഷ പരിഗണിക്കുന്നതിന് നിയമപരമായ തടസ്സങ്ങൾ ഇല്ലെന്നും അറിയിച്ചുകൊണ്ട് വിശദമായ കത്തുകൾ കേന്ദ്രസർക്കാരിനും ബഹു. പ്രധാനമന്ത്രിക്കും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ കേരളത്തിന്റെ ആവശ്യം പരിഗണിക്കുന്നതിനുള്ള അനുകൂലമായ നിലപാട് കേന്ദ്ര സർക്കാരോ , കേന്ദ്ര സർക്കാർ ഏജൻസികളോ സ്വീകരിച്ചിട്ടില്ല. നിയമപരമായ നടപടികൾ ഇക്കാര്യത്തിൽ വീണ്ടും സ്വീകരിക്കുന്നതു സംബന്ധിച്ച് സുപ്രീംകോടതിയിൽ സർക്കാരിനുവേണ്ടി കേസ് വാദിക്കുന്ന വിദഗ്ധരായ അഭിഭാഷകരുടെ നിയമോപദേശം ലഭ്യമാക്കാൻ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കൗൺസിലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ തമിഴ്നാട് ഫയൽ ചെയ്ത ഇടക്കാല ഹർജി സംബന്ധിച്ചുള്ള Reply affidavit കേരളം ഫയൽ ചെയ്തിട്ടുണ്ട്. നിയമോപദേശം ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ തുടർ നടപടികൾ സമയബന്ധിതമായിതന്നെ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്.

**സെക്ഷൻ ഓഫീസർ**